പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നം. 3902

11/11/2019 ൽ മറുപടി
നല്കേണ്ടത്.

## കടുത്തുരുത്തി മണ്ഡലത്തിലെ പി.എച്ച്.സി.കൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.മോൻസ് ജോസഫ്** | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാശിശുവികസനവും വകുപ്പ് മന്ത്രി) |
| എ ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കടപ്ലാമറ്റം പി.എച്ച്.സി., കടുത്തുരുത്തി പി.എച്ച്.സി എന്നിവിടങ്ങളിലെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങളുമായി ബന്ധ പ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | എ) കടുത്തുരുത്തി പി.എച്ച്.സി യിലെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ആശുപത്രി കെട്ടിടം ട്രസ്സ് വർക്ക് ചെയ്യുകയും , മുറ്റം ടൈൽ പാകി വൃത്തിയാക്കുകയും ചെയ്തു. 2018-19 സാമ്പത്തിക വർഷത്തെ പഞ്ചായത്ത് പ്രൊജക്ടിൽ ഉൾപ്പെടുത്തി ആശുപത്രിയിൽ 2 ലക്ഷം രൂപ ചെലവിൽ റീ വയറിംഗ് നടത്തി. കൂടാതെ ഈ വർഷത്തെ പ്രൊജക്ടിൽ രോഗികൾക്കും മറ്റും ഇരിപ്പിട സൗകര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രിയിലേയ്ക്ക് എൽ.സി.ഡി പ്രൊജക്ടർ, സ്ക്രീൻ, ലാപ് ടോപ്, മൈക്ക്, എന്നിവ വാങ്ങുന്നതിന് 95,000/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കടപ്ലാമറ്റം സി.എച്ച്.സി -യെ 2018-19 - ൽ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുകയും, ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ 24.10.2019 - മുതൽ തുടങ്ങുകയും ചെയ്തു. 21.10.2019 -മുതൽ പുതിയതായി നാഷണൽ ഹെൽത്ത് മിഷന്റെ സഹായത്തോടെ ഡെന്റൽ വിഭാഗവും ആരംഭിച്ചിട്ടുണ്ട്. |

| | |
|---|---|
| ബി) കടപ്ലാമറ്റം പി.എച്ച്.സി.യിലെ ഒ.പി. വിഭാഗത്തിൽ ശരാശരി എത്രപേർ ദിവസേന ചികിത്സ തേടുന്നുണ്ട്; ഇവിടെ നിലവിൽ എത്ര ഡോക്ടർമാരുടെ സേവനം ലഭ്യമാണ് എന്ന് വ്യക്തമാക്കാമോ; | ബി) ഈ സ്ഥാപനത്തിൽ പ്രതിദിനം ശരാശരി 150 രോഗികൾ ഒ.പി. വിഭാഗത്തിൽ ചികിത്സയ്ക്ക് വിധേയരാകാറുണ്ട്. ചൊവ്വാ, വെള്ളി എന്നീ ദിവസങ്ങളിൽ എൻ.സി.ഡി പ്രവർത്തിക്കുന്നതിനാൽ ഒ.പി.യിൽ 280- ന് മുകളിൽ രോഗികൾ ചികിത്സയ്ക്കെത്താറുണ്ട്. നിലവിൽ ഈ സ്ഥാപനത്തിൽ 2 അസിസ്റ്റന്റ് സർജ്ജൻ, 1 എൻ.എച്ച്.എം. ഡോക്ടർ, 1 ഡന്റൽ ഡോക്ടർ എന്നിവർ സേവനം അനുഷ്ഠിക്കുന്നു. |
| സി) പ്രസ്തുത ആശുപത്രിയിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാനും കൂടുതൽ പാരാമെഡിക്കൽ സേവനം ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | സി) നിലവിലെ മാനദണ്ഡം അനുസരിച്ച് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തിക അനുവദിച്ചിട്ടില്ല. കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയ സ്ഥാപനത്തിലും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും കൂടുതൽ പാരാമെഡിക്കൽ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ